**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5287** **12-08-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ പാർക്കുകളിലെ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ പാർക്കുകളിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ വേണ്ടി സ്ഥലം ലഭിച്ചവരിൽ പലരും ഭൂമിയും കെട്ടിടവും ഒഴിച്ചിട്ടിരിക്കുന്ന കാര്യം പരിശോധിക്കുമോ; | (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള വ്യവസായ പാർക്കുകളിൽ ഭൂമി അനുവദിക്കപ്പെട്ടിട്ടുള്ള യൂണിറ്റുകൾ ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽ തന്നെ പ്രവർത്തനം ആരംഭിക്കുന്നുണ്ടോയെന്ന് അതാത് എസ്റ്റേറ്റ് ഓഫീസർമാർ പരിശോധിച്ച് ബന്ധപ്പെട്ട ജനറൽ മാനേജർമാർക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്. പ്രവർത്തനം ആരംഭിക്കാത്ത യൂണിറ്റുകളിന്മേൽ നിയമാനുസൃതമായ നടപടികൾ ജനറൽ മാനേജർമാർ സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| (ബി) | വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കാത്ത സ്ഥലങ്ങളിലെ കെട്ടിടങ്ങൾ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ? | (ബി) | നിലവിൽ 08/01/2020ലെ GO(MS)No.08/2020/ID സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് പ്രവർത്തന രഹിതമായ വ്യവസായ ഭൂമി തിരിച്ചെടുക്കുന്നത്. ടി ഉത്തരവിലെ ഖണ്ഡിക (9)ൽ, വ്യവസായ ഭൂമി ലഭിക്കുന്ന സംരംഭകൻ 6 മാസത്തിനുള്ളിൽ പ്രാരംഭ പ്രവർത്തനം ആരംഭിക്കേണ്ടതാണെന്നും ടിയാൻ കരാറിൽ ഏർപ്പെട്ട തീയതി മുതൽ 1 വർഷത്തിനുള്ളിൽ വാണിജ്യാടിസ്ഥാന ത്തിൽ ഉൽപ്പാദനം ആരംഭിക്കണമെന്നും കൂടാതെ നിഷ്കർഷിക്കപ്പെട്ട കാലയളവിനുള്ളിൽ ന്യായമായ എന്തെങ്കിലും കാരണത്താൽ ടിയാന് പ്രവർത്തനം ആരംഭിക്കുന്നതിനോ ഉൽപ്പാദനം തുടങ്ങുന്നതിനോ കഴിയാതെ വന്നാൽ ബന്ധപ്പെട്ട അധികാരിക്ക് (ജനറൽ മാനേജർ) 12 മാസക്കാലയളവ് കൂടി നീട്ടി നൽകാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ നടപടികൾ സംരംഭകൻ പ്രാവർത്തികമാക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുന്നതിന് എല്ലാ എസ്റ്റേറ്റുകളിലും ഒരു എസ്റ്റേറ്റ് ഓഫീസറെ നിയമിച്ചിട്ടുണ്ട്. ടി വ്യവസ്ഥ പാലിക്കാത്ത പക്ഷം, എസ്റ്റേറ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, നിയമപ്രകാരമുള്ള നടപടികളിലൂടെ അതാത് ജനറൽ മാനേജർമാർ ടി ഭൂമി തിരിച്ചുപിടിക്കാറുണ്ട്. കൂടാതെ പ്രവർത്ത |

| | | | |
|---|---|---|---|
| | | | നത്തിലിരിക്കെ പ്രവർത്തനരഹിതമായ യൂണിറ്റുകൾക്ക് യൂണിറ്റ് പുനരാരംഭിക്കുന്നതിന് പരമാവധി ഒരു വർഷം അനുവദിക്കുകയും, ആരംഭിക്കാത്ത പക്ഷം നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വ്യവസായ ഭൂമി തിരിച്ചെടുക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ